(ബി) കോഴിക്കോട്ടും കൊല്ലത്തുമുള്ള വഖഫ് ട്രൈബൂണലുകളിൽ ഓരോ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചു വരുന്നു.

(സി) തിരുവനന്തപുരം ജില്ലാ കോടതിയിൽ ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു ഒഴിവ് നികത്താനുണ്ട്.

(ഡി) ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനം വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തി ബന്ധപ്പെട്ട സെക്രട്ടറിമാർ ചീഫ് സെക്രട്ടറിക്ക് നൽകിവരുന്നുണ്ട്.

(ഇ) ഉന്നതതല സംവിധാനം ഏർപ്പെടുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകൾ

85 [1560] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജുഡീഷ്യൽ സർവ്വീസിൽ എത്ര മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളാണ് നിലവിലുള്ളത്;

(ബി) അതിൽ ട്രാൻസ്ഫർ മുഖേന പ്രൊമോഷൻ കിട്ടി നിയമിതരായവർ എത്രയുണ്ട് എന്നറിയിക്കാമോ;

(സി) അവരുടെ വിശദവിവരം നൽകുമോ;

(ഡി) 2002 മാർച്ചിൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാർ എക്സ്പീരിയൻസിന്റെ വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് കേരള ജുഡീഷ്യൽ സർവ്വീസ് റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത റൂൾസ് ഇപ്രകാരം ഭേദഗതി ചെയ്യുവാൻ സുപ്രീം കോടതി വിധിയുണ്ടായിട്ടും നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാവാൻ കാരണമെന്താണെന്നു വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത റൂൾസ് ഭേദഗതി ചെയ്യാത്തതിനാൽ സംസ്ഥാന സർക്കാരിനെതിരെ സുപ്രീം കോടതിയിൽ കോടതി അലക്ഷ്യ ഹർജികൾ നിലവിൽ ഉണ്ടോ;

(ജി) സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ റൂൾസ് ഭേദഗതി ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 208.

(ബി) 28 പേർ.

(സി) ഹൈക്കോടതി, കീഴ്ക്കോടതി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, ഗവ. സെക്രട്ടേറിയറ്റിലെ നിയമ വകുപ്പ് എന്നിവിടങ്ങളിലെ ജീവനക്കാർ, ലോകോളജുകളിലെ ലക്ചറർമാർ എന്നിവർ ഉൾപ്പെടും. കൂടാതെ പബ്ലിക് പ്രോസിക്യൂട്ടർമാരായി ജോലി നോക്കിയിരുന്നവരെയും ട്രാൻസ്ഫർ മുഖേന പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മറ്റു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭിച്ചശേഷമേ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(എഫ്) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇക്കാര്യത്തിൽ നടപടികൾ ഇതിനകം തന്നെ എടുത്തുകഴിഞ്ഞു.

(എച്ച്) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. വിശദാംശങ്ങൾ ലഭ്യമായശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുൻസിഫ്-മജിസ്ട്രേട്ടുമാരുടെ നിയമനം

86[T1561] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നീതിന്യായ സർവ്വീസിലേക്ക് മുൻസിഫ്/മജിസ്ട്രേട്ട്മാരെ നിയമിച്ചതിൽ സംവരണതത്വം പൂർണ്ണമായി പാലിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്നും ഈ നിയമനത്തിൽ പാലിക്കേണ്ടിയിരുന്നതും പാലിച്ചതുമായ സംവരണ മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly